"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് - 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.150/2025/CLAD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. 04.01.2021- ലെ 1/2021/ധന നമ്പർ സർക്കുലർ
2. സ.ഉ(സാധാ) നം.278/2024/സാംകാ വ തീയതി 03.06.2024
3. 12.06.2024- ലെ 35/2024/ധന നമ്പർ സർക്കുലർ
4. സ.ഉ(സാധാ) നം.408/2024/സാംകാവ തീയതി 29.07.2024
5. സ.ഉ(സാധാ) നം.475/2024/സാംകാവ തീയതി 29.08.2024
6. സ.ഉ(സാധാ) നം.712/2024/സാംകാവ തീയതി 13.12.2024
7. സ.ഉ(സാധാ) നം.40/2025/സാംകാവ തീയതി 23.01.2025
8. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 17.01.2025, 25.02.2025 തീയതികളിലെ 485/A/ 2024/CL നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ "2202-05-102-97-36(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,40,00,000/- രൂപ വിനിയോഗിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും പരാമർശം (4) പ്രകാരം 28,00,000/- രൂപ ഒന്നാം ഗഡുവായും പരാമർശം (5) പ്രകാരം 14,00,000/-

രൂപ രണ്ടാം ഗഡുവായും അനുവദിച്ചു നൽകിയിട്ടുണ്ട്. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 2202-05-102-97-36(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 50% ആയി നിജപ്പെടുത്തിയിട്ടുള്ള **70,00,000/- രൂപ (എഴുപത് ലക്ഷം രൂപ മാത്രം)** വിനിയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് പദ്ധതിയിനത്തിൽ മൂന്നാം ഗഡു അനുവദിക്കുന്നതിനായി പരാമർശം (8) പ്രകാരം ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 2202-05-102-97-36 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 28,00,000/-രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) മൂന്നാമത് ഗഡുവായി അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) സർക്കുലർ പ്രകാരം പ്രസ്തുത തുക കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700001624 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ധനവിനിയോഗസാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വിശദമായ ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ /ആഡിറ്റ് ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ധനകാര്യ വകുപ്പ് (19.03.2025- ലെ 2848302/EDN-C3/229/2024-FIN പ്രകാരം)

ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ വിഭാഗം )

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/96/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 20-03-2025 18:04:47
സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ് .ന്